പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 559

08.08.2017 ൽ മറുപടിക്ക്

## ക്വാറി ഉൽപ്പന്നങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | | ശ്രീ. എ.സി. മൊയ്തീൻ<br>(ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ ക്വാറി ഉൽപ്പന്നങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊല്ലം ജില്ലയിൽ ക്വാറി ഉൽപ്പന്നങ്ങൾക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് തന്നെ ജില്ലയിൽ ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോയെന്ന് വ്യക്തമാക്കുമോ: | (ബി) | 2006 ലെ എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരവും 02.12.2016 തീയതിയിലെ ബഹു. സുപ്രീംകോടതി ഉത്തരവ് പ്രകാരവും ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. പാരിസ്ഥിതികാനുമതി, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സമ്മതപത്രം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഡി & ഒ ലൈസൻസ്, എക്സ്പ്ളോസീവ് ലൈസൻസ് എന്നിവ കരസ്ഥമാക്കിയിട്ടുള്ള ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ തടസ്സമില്ല. ഇപ്രകാരമുള്ള അനുമതികൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസമാണ് നിലവിൽ ജില്ലയിൽ ക്വാറി പ്രവർത്തനത്തിന് തടസ്സമാകുന്നത്. |
| (സി) | ക്വാറി ഉൽപ്പന്നങ്ങൾ ലഭ്യമല്ലാത്തതിനാൽ ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഉൾപ്പടെയുള്ള നിർമ്മാണ പ്രവർത്തികൾക്ക് നേരിടുന്ന തടസ്സങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന വിശദമാക്കുമോ? | (സി) | പാരിസ്ഥിതികാനുമതി നൽകുന്നതിലെയും ഖനനാനുമതി നൽകുന്നതിലെയും കാലതാമസം ഒഴിവാക്കാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. പാരിസ്ഥിതികാനുമതി ലഭിച്ചുകൊണ്ട് ക്വാറികൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത സുഗമമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ